പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1739 17-06-13 ൽ മറുപടിക്ക്

മദ്യഷാപ്പുകൾ അനുവദിക്കുന്നതിനുള്ള അധികാരം

ചോദ്യം:

ശ്രീ.ഇ.ചന്ദ്രശേഖരൻ

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) മദ്യഷാപ്പുകൾ അനുവദിക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ ഈ നിയമം പ്രാബല്യത്തിൽ വന്ന ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മദ്യഷാപ്പുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ;

(സി) നൽകിയിട്ടുങ്കിൽ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ?

(എ) മദ്യഷാപ്പുകൾ അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിരാക്ഷേപ പത്രം നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) മദ്യഷാപ്പുകൾ അനുവദിക്കുന്നതിനുള്ള നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ, പൂവ്വാർ, മാണിക്കൽ, പഴയകുന്നുമ്മൽ എന്നീ ഗ്രാമപഞ്ചായത്തുകളും, കൊല്ലം ജില്ലയിലെ, കൊല്ലം കോർപ്പറേഷൻ, കൊട്ടാരക്കര, നിലമേൽ, പൂതക്കുളം, കിഴക്കേ കല്ലട, ഇളംമ്പള്ളൂർ എന്നീ ഗ്രാമപഞ്ചായത്തുകളും, പത്തനംതിട്ട ജില്ലയിലെ, അടൂർ, പത്തനംതിട്ട എന്നീ നഗരസഭകളും, ആലപ്പുഴ ജില്ലയിലെ, വള്ളിക്കുന്നം, അമ്പലപ്പുഴ തെക്ക്, ചേപ്പാട്, ഭരണിക്കാവ് എന്നീ ഗ്രാമപഞ്ചായത്തുകളും, കോട്ടയം ജില്ലയിലെ, ചങ്ങനാശ്ശേരി നഗരസഭ, മുളക്കുളം, ഏറ്റുമാനൂർ, കുമരകം, വാകത്താനം, മുണ്ടക്കയം എന്നീ ഗ്രാമപഞ്ചായത്തുകളും, എറണാകുളം ജില്ലയിലെ, കൊച്ചി നഗരസഭ, പൈങ്ങോട്ടൂർ, നെടുമ്പാശ്ശേരി, പുത്തൻ കുരിശ്, കുട്ടംമ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളും, തൃശ്ശൂർ ജില്ലയിലെ ചേലക്കര ഗ്രാമപഞ്ചായത്തും, ഇടുക്കി ജില്ലയിലെ, മുട്ടം, അണക്കര, കുമളി എന്നീ ഗ്രാമപഞ്ചായത്തുകളും, പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തും മദ്യഷാപ്പുകൾ അനുവദിക്കാനുള്ള നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ